**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3653 14.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## വർക്കല പള്ളിക്കൽ സി.എച്ച്.സി

| | ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വർക്കല മണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സി. യിൽ കിടത്തി ചികിത്സക്ക് ആവശ്യമായ കെട്ടിടം നിർമ്മിക്കുമോ; | (എ) | സ.ഉ(സാധാ)731/2013 ആ.കു.വ പ്രകാരം വർക്കല മണ്ഡലത്തിലെ ടി.സി.എച്ച്.സി.ക്ക് 20 കിടക്കകൾ അനുവദിച്ച് കിടത്തി ചികിത്സ അനുമതി ഉത്തരവായിട്ടുണ്ട്. ബഹു.മുൻ എം.എൽ.എ ശ്രീ.വർക്കല കഹാർ അവർകളുടെ എം.എൽ.എ ഫണ്ടിൽ നിന്നും ഒരു കോടി രൂപയുടെ ഐ.പി.കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹു.എം.എൽ.എ അഡ്വ.വി.ജോയി അവർകൾ പള്ളിക്കൽ സി.എച്ച്.സി ക്ക് ഇരു നില കെട്ടിടം നിർമ്മിക്കുന്നതിന് നാല് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | പള്ളിക്കൽ സി.എച്ച്.സി. യിൽ അവശ്യം വേണ്ട സ്റ്റാഫിനെ അനുവദിക്കുമോ? | (ബി) | അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, കിടത്തി ചികിത്സ ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ